DESPATCHED
On.01/2/22

07/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1082*(2)/2020*/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

(ഫയൽ നമ്പർ **8106** /എസ്.ഐ.സി-ജി 6 /2020)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കണിയാത്ത് ബാബു,
S/o. പെരച്ചൻ, സാന്ദ്രച്ഛായം
നിയർ ഐ.ഐ.എം(കെ) മെയിൻ ഗേറ്റ്,
(പി.ഒ) കുന്ദമംഗലം, കോഴിക്കോട്-673 571.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കുന്ദമംഗലം ഗ്രാമപഞ്ചായത്ത്,
കുന്ദമംഗലം (പി.ഒ),
കോഴിക്കോട് - 673 571.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്,
സിവിൽ സ്റ്റേഷൻ (പി.ഒ), കോഴിക്കോട്-20.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.04.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.05.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കണിയാത്ത് ബാബു 14/08/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 20/08/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1082(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷക്കു സ്റ്റേറ്റ് പബ്ലിക് ഇൻഫർ മേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 11.02.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 09.03.2020–ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത് താഴെ പറയുന്ന വിവരങ്ങളാണ്.

1. വിവരാവകാശ നിയമ പ്രകാരം ടി ഓഫീസിൽ നിന്ന് നൽകിയ മറുപ ടിയുടെ കോപ്പിയല്ലാതെ ടിയാൻ ഉന്നയിക്കുന്ന വിഷയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കാൻ കഴിയില്ല എന്നും
2. 07/12/2015 തീയതിയിൽ ടിയാൻ സമർപ്പിച്ചതായി അപേക്ഷയിൽ പരാമർശിച്ച 10567/15 നമ്പർ നിവേദനം തിരച്ചിൽ നടത്തി കണ്ടെത്തു ന്നതിനും അത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും 15 ദിവ സത്തെ സാവകാശം ആവശ്യമാണെന്ന വിവരം അറിയിക്കുന്നു എന്നും
3. 21/07/2018 തീയതിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് നൽകിയ നിവേദനം തിരച്ചിൽ നടത്തി കണ്ടെത്തുന്നതിനും അത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും 15 ദിവസത്തെ സാവകാശം ആവശ്യ മാണെന്നും എന്നാണ്.

4. 08/04/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിക്കുകയും 18/05/2020-ന് ആയതിന് മറുപടി നൽകിയിട്ടുമുണ്ട്.

5. 13/10/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 11/02/2020 തീയതിയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചു കൊണ്ടാണ് അപ്പീൽ ബോധിപ്പിച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ 11/02/2020-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ സൂചന(1) ആയി വിവരാവ കാശ നിയമ പ്രകാരമുളള അപേക്ഷയ്ക്ക് 16.04.2013 തീയ്യതിയിൽ കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടിയും സൂചന(2) ആയി 07/12/2015 തീയതിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനും, പകർപ്പ് എല്ലാ മെമ്പർമാർക്കും, സെക്രട്ടറിക്കും നൽകി യതായ നിവേദനം/പരാതിയും സുചന(3) ആയി 21.07.2018 തീയ്യതിയിൽ ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റിനും, വാർഡ് മെമ്പർക്കും, സെക്രട്ടറിക്കും നൽകിയതായ നിവേദനം/പരാതിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ മൂന്ന് സൂചനകളുമായി ബന്ധ പ്പെട്ട 3 വിവരങ്ങൾ ലഭ്യമാക്കുന്നതിനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ഒന്നാമത്തെ ചോദ്യത്തിൽ ഇത് സംബന്ധിച്ച ഫയൽ തിരച്ചിൽ നടത്തി കണ്ടെ ത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ കുടുതൽ വിവരങ്ങൾ ലഭ്യമല്ലാത്തതി നാൽ ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കാൻ കഴിയില്ലെന്നുമാണ് മറുപടി നൽകി യത്. 2,3 ചോദ്യങ്ങൾക്ക് ഫയൽ തിരച്ചിൽ നടത്തുന്നതിന് 15 ദിവസം സാവകാശം ആവശ്യമാണെന്നും പിന്നീട് 25/04/2020 തിയ്യതി തിരച്ചിൽ നടത്തി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഫയൽ ലഭ്യമായാൽ വിവരം നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ റിപ്പോർട്ട് നൽകിയി ട്ടുണ്ടായിരുന്നു.

വിവരാവകാശ നിയമം 2005 വകുപ്പ് 6 പ്രകാരമുളള അപേക്ഷ ലഭിക്കുന്ന തിൻമേൽ, കഴിയുന്നത്ര വേഗത്തിലും ഏതു സംഗതികളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകുമ്പോൾ വിവരം നൽകേണ്ടതാണ്. വിവരം നൽകുന്നതിന് വീണ്ടും സാവകാശം ആവശ്യപ്പെടുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ സമീപനം നീതികരിക്കാൻ കഴിയാത്ത താണെന്നും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ ലഭിച്ച് ഉടൻ തന്നെ രേഖ

കൾ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമായ ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമായിരുന്നു എന്നുമാണ്. അപേക്ഷകൻ തന്നെ രേഖകൾ അടങ്ങുന്ന ഫയലുകളുടെ നമ്പറും, തിയ്യതിയും സൂചനയിൽ കാണിച്ചിട്ടും പ്രസ്തുത ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം ന്യായീകരിക്കാവുന്നതല്ലയെന്നും, ഇത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയാണെന്നും അപ്പീൽ അധികാരി നിരീക്ഷിച്ചിരുന്നുവെന്നും ഓഫീസ് രേഖകൾ പരിശോധിച്ച് പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, എന്നിവരിൽ നിന്നും വിശദീകരണം വാങ്ങേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും, ഫയലുകൾ കണ്ടെത്തുന്ന മുറക്ക് ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് അനുവദിക്കുന്നതിനും കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കുകയായിരുന്നു എന്നുമാണ്.

6. വിവരാവകാശ നിയമം 2005 വകുപ്പ് 6(1) അപേക്ഷ ലഭിക്കുന്നതിന്മേൽ, കഴിയുന്നത്ര വേഗത്തിലും ഏതു സംഗതികളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും, നിർണ്ണയിച്ച് വിവരം നൽകേണ്ടതാണെന്ന് 13/10/2020-ലെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. വിവരം നൽകുന്നതിന് വീണ്ടും സാവകാശം ആവശ്യപ്പെടുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ സമീപനം നീതികരിക്കാൻ കഴിയാത്തതാണെന്നും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ ലഭിച്ച് ഉടൻ തന്നെ രേഖകൾ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമായ ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമായിരുന്നു എന്നുമാണ്. അപേക്ഷകൻ തന്നെ രേഖകൾ അടങ്ങുന്ന ഫയലുകളുടെ നമ്പറും, തിയ്യതിയും സൂചനയിൽ കാണിച്ചിട്ടും പ്രസ്തുത ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം ന്യായീകരിക്കാവുന്നതല്ലയെന്നും, ഇത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയാണെന്നും അപ്പീൽ അധികാരി നിരീക്ഷിച്ചിരുന്നു. ഇപ്രകാരം വീഴ്ച്ചവരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു.

ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. Hon'ble Delhi High Court in Union Of India Vs. Vishwas Bhamburkar [2013(297)ELT500(Del.)] with regard to the plea of the Respondent authority of record being not traceable, has observed as follows :

" 6. This can hardly be disputed that if certain information is available with a public authority, that information must necessarily be shared with the applicant under the Act unless such information is exempted from disclosure under one or more provisions of the Act. It is not uncommon in the government departments to evade disclosure of the information taking the standard plea that the information sought by the applicant is not available. **Ordinarily, the information which at some point of time or the other was available in the records of the government, should continue to be available with the concerned department unless it has been destroyed in accordance with the rules framed by that department for destruction of old record. Therefore, whenever an information is sought and it is not readily available, a thorough attempt needs to be made to search and locate the information wherever it may be available. It is only in a case where despite a thorough search and inquiry made by the responsible officer, it is concluded that the information sought by the applicant cannot be traced or was never available with the government or has been destroyed in accordance with the rules of the concerned department that the CPIO/PIO would be justified in expressing his inability to provide the desired information. Even in the case where it is found that the desired information though available in the record of the government at some point of time, cannot be traced despite best efforts made in this regard, the department concerned must necessarily fix the responsibility for the loss of the record and take appropriate departmental action against the officers/officials responsible for loss of the record.** Unless such a course of action is adopted, it would be possible for any department/office, to deny the information which otherwise is not exempted from disclosure, wherever the said department/office finds it inconvenient to bring such information into public domain, and that in turn, would necessarily defeat the very objective behind enactment of the Right to Information Act.

7. Since the Commission has the power to **direct disclosure of information provided, it is not exempted from such disclosure, it would also** have the jurisdiction to direct an inquiry into the matter wherever it is claimed by the PIO/CPIO that the information sought by the applicant is not traceable/readily traceable/currently traceable."

8. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് കൃത്യമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ഓഫീസ് ഉത്തരവ് മുഖേന ഒരു പ്രത്യേക ടീം രൂപീകരിച്ച് ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ഫയൽ തിരഞ്ഞ് കണ്ടെത്തണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരത്തിനു വ്യക്തമായ മറുപടി നൽകണമെന്നും, ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിലേക്ക് അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു.

ഇപ്രകാരം തിരച്ചിൽ നടത്തിയിട്ടും രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അവ നഷ്ട്ടപ്പെട്ടതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പ് തല നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു (മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബഹു. ഡൽഹി ഹൈക്കോടതി വിധി പ്രകാരം) **ആയതിലേയ്ക്കായി കമ്മീഷൻ സെക്രട്ടറി ഈ ഉത്തരവിന്റെ പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കണമെന്നും, കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള തിരച്ചിലിന് ശേഷവും രേഖകൾ ലഭ്യമായിട്ടില്ലെങ്കിൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കണമെന്നും ആയത് രേഖാമൂലം കമ്മീഷനെ അറിയിക്കണമെന്നും നിർദ്ദേശം നൽകുന്നു.**

9. മേൽ പ്രസ്താവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 7-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

AV